# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2811 21.06.2012 ൽ മറുപടിക്ക്

**തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ നബാർഡ് സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ: | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>( പൊതുമരാമത്ത്‌വകുപ്പു മന്ത്രി) |
|---|---|
| (എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ നബാർഡ് സഹായത്തോടെ നടപ്പിലാക്കു-ന്നത് ഏതൊക്കെ പദ്ധതികളാണെന്ന് വെളിപ്പെടുത്താമോ:<br><br>(ബി) പ്രസ്തുത പദ്ധതിയിൽ ഓരോ പദ്ധതിയുടെയും നിലവിലുള്ള പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് പറയാമോ ; | (എ). & (ബി)തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ നബാർഡ് സഹായത്തോടെ ഭരണാനുമതിയും, സാങ്കേതികാനുമതിയും ലഭിച്ച കുണ്ടുചിറപാലം നിർമ്മാണം തുടങ്ങിയെങ്കിലും ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തിയാകാത്തതുകാരണം നിലവിലുള്ള കരാർ റദ്ദാക്കിയിരിക്കുകയാണ്. കൂടാതെ 2012-13 സാമ്പത്തിക വർഷത്തിൽ നബാർഡിൽ നിന്നുള്ള സാമ്പത്തിക സഹായത്തോടെ താഴെപ്പറയുന്ന റോഡുകൾ പുനരുദ്ധാരണം നടത്തുന്നതിനും ഒരു പാലം നിർമ്മിക്കുന്നതിനും 28/4/2012 ലെ (സാധാ) നം.714/2012/ പൊമവ നമ്പർ പ്രകാരം തത്വത്തിൽ അംഗീകാരം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്<br><br>1. ചൊക്ലി - പെരിയാണ്ടി സ്കൂൾ - പന്ന്യന്നൂർ അരയാക്കൂൽ - മൊകേരി വയൽ (മൂന്നാം ഖണ്ഡം) റോഡ് - വീതികൂട്ടി ടാർ ചെയ്യൽ<br>2. കാഞ്ഞിരത്തിൻ കടവ് - മത്തിപ്പറമ്പ് റോഡ് വീതികൂട്ടി ടാർ ചെയ്യൽ<br>3. മോന്താൽ - ഒളവിലം - പാത്തിക്കൽ റോഡ്<br>4. പൊന്ന്യം-രണ്ട് കടവ് പാലം (കമ്പിപ്പാലം) |

| | |
|---|---|
| (സി) ഇതിൽ ഓരോ പ്രവർത്തിയും എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ? | (സി) കുണ്ടുചിറപാലത്തിന്റെ ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ച് പണി പൂർത്തിയാക്കുന്നതാണ്. തത്വത്തിൽ അംഗീകാരം ലഭിച്ച 4 പദ്ധതികളുടേയും DPR (Detailed Project Report) തയ്യാറാക്കിയശേഷം നബാർഡിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ